"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - ജീവനക്കാര്യം - ശുചിത്വമിഷന്റെ വിവിധ ജില്ലാ ഓഫീസുകളിൽ ഒഴിവുകളുള്ള അസിസ്റ്റന്റ് കോ - ഓർഡിനേറ്റർ (ഐ.ഇ.സി./എസ്.ഡബ്ല്യു.എം. ) തസ്തികകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2167/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/11/2021

---

പരാമർശം:-

1. സർക്കുലർ നം. 42/2013/ധന തീയതി 10/05/2013.
2. സ.ഉ.(സാധാ) നം. 518/2013/ധന തീയതി 28/11/2013
3. സ.ഉ.(സാധാ)നം.72/2019/തസ്വഭവ തീയതി 23.06.2019
4. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27/08/2021ലെ 287/ബി/2021/എസ്.എം. നമ്പർ കത്ത്.

ഉത്തരവ്

ശുചിത്വമിഷനിൽ അസിസ്റ്റന്റ് കോ - ഓർഡിനേറ്റർ (ഐ.ഇ.സി) ന്റെ 14 തസ്തികകളും, അസിസ്റ്റന്റ് കോ- ഓർഡിനേറ്റർ ( എസ്.ഡബ്ല്യു.എം.) ന്റെ 14 തസ്തികകളും സൃഷ്ടിച്ചുകൊണ്ടും ടി തസ്തികകളിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നല്കികൊണ്ടും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ഇതിൻ പ്രകാരം അസിസ്റ്റന്റ് കോ - ഓർ ഡിനേറ്റർ (ഐ.ഇ.സി./എസ്.ഡബ്ല്യു.എം.) തസ്തികകളിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനുള്ള അനുമതി നൽകണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടതിൻ പ്രകാരം താഴെ കാണുന്ന പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരെ അവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള ജില്ലയിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ - ഓർഡിനേറ്റർ (ഐ.ഇ.സി./എസ്.ഡബ്ല്യു.എം.) തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിൽ, കേരള സർവ്വീസ് റൂൾ ഭാഗം 1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി ഒരു വർഷത്തേക്കു നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര്, ഉദ്യോഗപ്പേര് | ജില്ല | തസ്തിക |
|---|---|---|---|
| 1. | ശ്രീ. എ. ഗിരാജ്<br>ജനറൽ എക്സ്റ്റൻഷൻ ഓഫീസർ,<br>ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്,<br>തലശ്ശേരി | കണ്ണൂർ | അസിസ്റ്റന്റ് കോ - ഓർഡിനേറ്റർ (ഐ.ഇ.സി.) |

| | | | |
|---|---|---|---|
| 2. | ശ്രീമതി. രഹന ഹബീബ്<br><br>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II,<br><br>തൃശ്ശൂർ കോർപ്പറേഷൻ | പത്തനംതിട്ട | അസിസ്റ്റന്റ് കോ - ഓർഡിനേറ്റർ (ഐ.ഇ.സി.) |
| 3. | ശ്രീ. അരുൺ പി.ഡി.<br><br>ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, പള്ളം ബ്ലോക്ക് | കോട്ടയം | അസിസ്റ്റന്റ് കോ - ഓർഡിനേറ്റർ (ഐ.ഇ.സി.) |
| 4. | ശ്രീമതി. മിനി പി. വിജയ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഈരാറ്റുപേട്ട | തൃശ്ശൂർ | അസിസ്റ്റന്റ് കോ- ഓർഡിനേറ്റർ (എസ്.ഡബ്ല്യു.എം) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി എസ് പ്രവീൺ കുമാർ
അണ്ടർ സെക്രട്ടറി

ബന്ധപ്പെട്ട വ്യക്തികൾക്ക് (സി.ആർ.ഡി./നഗരകാര്യ ഡയറക്ടർ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി.(File No.IA2/64/2021-LSGD)

ഉത്തരവിൻ പ്രകാരം

Signed by Vijitha M B
Date: 01-11-2021 17:28:18
സെക്ഷൻ ഓഫീസർ
Reason: Approved